സൂറഃ-7

# അൽ അഅ്റാഫ്

۞ هُوَ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَجَعَلَ مِنْهَا زَوْجَهَا لِيَسْكُنَ إِلَيْهَا
فَلَمَّا تَغَشَّىٰهَا حَمَلَتْ حَمْلًا خَفِيفًا فَمَرَّتْ بِهِۦ ۖ فَلَمَّآ أَثْقَلَت دَّعَوَا ٱللَّهَ رَبَّهُمَا
لَئِنْ ءَاتَيْتَنَا صَٰلِحًا لَّنَكُونَنَّ مِنَ ٱلشَّٰكِرِينَ ﴿١٨٩﴾

فَلَمَّآ ءَاتَىٰهُمَا صَٰلِحًا جَعَلَا لَهُۥ شُرَكَآءَ فِيمَآ ءَاتَىٰهُمَا ۚ فَتَعَٰلَى
ٱللَّهُ عَمَّا يُشْرِكُونَ ﴿١٩٠﴾

أَيُشْرِكُونَ مَا لَا يَخْلُقُ شَيْـًٔا وَهُمْ يُخْلَقُونَ ﴿١٩١﴾

وَلَا يَسْتَطِيعُونَ لَهُمْ نَصْرًا وَلَآ أَنفُسَهُمْ يَنصُرُونَ ﴿١٩٢﴾

**189.** അവനാകുന്നു ഒരൊറ്റ ശരീരത്തിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചതും അതിൽനിന്നുതന്നെ അതിന് ഇണയെ ഉണ്ടാക്കിയതും - അത് അതിന്റെ ഇണയിലേക്ക് ശാന്തിപകരാൻ. അങ്ങനെ അത് പരസ്പരം പുണർന്നപ്പോൾ പെണ്ണ് ലഘുവായ ഒരു ഗർഭം ധരിച്ചു. അതുമായി അവൾ നടന്നു. ഗർഭം കനത്തപ്പോൾ ഇരുവരും അവരുടെ നാഥനായ അല്ലാഹുവിനോട് പ്രാർഥിച്ചു: ഞങ്ങൾക്കൊരു കുറ്റമറ്റ കുഞ്ഞിനെ തന്നാൽ ഞങ്ങൾ തീർച്ചയായും നിന്നോട് നന്ദിയുള്ളവരായിരിക്കും.

**190.** അവർക്കവൻ ഗുണമൊത്ത കുഞ്ഞിനെ കൊടുത്തപ്പോഴോ, ഇരുവരും അല്ലാഹു നൽകിയതിൽ അവന് പങ്കാളികളെ ആരോപിച്ചു തുടങ്ങി. എന്നാൽ അവർ കൽപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതനും അത്യുന്നതനുമത്രെ അല്ലാഹു.

**191.** യാതൊന്നും സൃഷ്ടിക്കാത്തതിനെ ഇക്കൂട്ടർ അല്ലാഹുവിന്റെ പങ്കാളികളാക്കുകയോ, ആ പങ്കാളികൾ തന്നെ സൃഷ്ടിക്കപ്പെടുന്നവരാണെന്നിരിക്കെ?!

**192.** ആ കൃത്രിമ ദൈവങ്ങൾക്ക് ഈ ജനത്തെ സഹായിക്കാൻ കഴിവില്ല. തങ്ങളെത്തന്നെ സഹായിക്കാനുള്ള കഴിവുപോലും അവർക്കില്ല എന്നതത്രെ യാഥാർഥ്യം.

هُوَ ٱلَّذِى = അവനാകുന്നു  خَلَقَكُم = നിങ്ങളെ സൃഷ്ടിച്ചത്  مِّن نَّفْسٍ وَٰحِدَةٍ = ഒറ്റ ശരീരത്തിൽനിന്ന്, ജീവിയിൽനിന്ന്

وَجَعَلَ = ഉണ്ടാക്കിയതും  مِنْهَا = അതിൽനിന്ന്  زَوْجَهَا = അതിന്റെ ഇണയെ  لِيَسْكُنَ = അടങ്ങാൻ, ശാന്തിപകരാൻ

إِلَيْهَا = അതിലേക്ക്(അതിന്റെ ഇണയിലേക്ക്)  فَلَمَّا تَغَشَّىٰهَا = അതു മൂടിയപ്പോൾ, അങ്ങനെ ആത്മാവ് അതിന്റെ ഇണയെ പുണർന്നപ്പോൾ

حَمَلَتْ حَمْلًا = അത് ഒരു ഭാരം വഹിച്ചു (പെണ്ണ് ഒരു ഗർഭം ധരിച്ചു)  خَفِيفًا = ലഘുവായ  فَمَرَّتْ بِهِۦ = അതുമായി അവൾ നടന്നു

فَلَمَّآ أَثْقَلَت = അത് ഭാരമായപ്പോൾ (ഗർഭം കനത്തപ്പോൾ)  دَّعَوَا ٱللَّهَ = ഇരുവരും അല്ലാഹുവിനോട് പ്രാർഥിച്ചു  رَبَّهُمَا = അവരുടെ നാഥനായ

لَئِنْ ءَاتَيْتَنَا = നീ ഞങ്ങൾക്കു തരികയാണെങ്കിൽ  صَٰلِحًا = ഒരു നല്ലതിനെ (കുറ്റമറ്റ, ഗുണമൊത്ത കുഞ്ഞിനെ)

لَّنَكُونَنَّ = തീർച്ചയായും ഞങ്ങൾ ആയിരിക്കും  مِنَ ٱلشَّٰكِرِينَ = നന്ദിയുള്ളവരിൽപെട്ടവർ

فَلَمَّآ ءَاتَىٰهُمَا = അവൻ അവർക്ക് കൊടുത്തപ്പോൾ  صَٰلِحًا = ഒരു നല്ലതിനെ (ഗുണമൊത്ത കുഞ്ഞിനെ)

جَعَلَا = അവർ ആക്കി (ആരോപിച്ചു തുടങ്ങി)  لَهُۥ = അവന്  شُرَكَآءَ = പങ്കാളികളെ

فِيمَآ ءَاتَىٰهُمَا = അവൻ (അല്ലാഹു) അവർക്കു നൽകിയതിൽ  فَتَعَٰلَى ٱللَّهُ = എന്നാൽ അല്ലാഹു അതീതനും അത്യുന്നതനുമത്രെ

عَمَّا يُشْرِكُونَ = അവർ പങ്കുചേർക്കുന്നതിൽനിന്ന് (കൽപിക്കുന്ന പങ്കാളിത്തങ്ങളിൽനിന്നെല്ലാം)

أَيُشْرِكُونَ = അവർ പങ്കുചേർക്കുകയോ (ഇക്കൂട്ടർ അല്ലാഹുവിന്റെ പങ്കാളികളാക്കുകയോ)

مَا لَا يَخْلُقُ شَيْـًٔا = യാതൊന്നും സൃഷ്ടിക്കാത്തതിനെ وَهُمْ = അവർ (ആ പങ്കാളികൾ തന്നെ)

يُخْلَقُونَ = സൃഷ്ടിക്കപ്പെടുന്നു (നവരാകുന്നു) എന്നിരിക്കെ وَلَا يَسْتَطِيعُونَ = അവർക്ക് കഴിയുന്നുമില്ല (ആ കൃത്രിമദൈവങ്ങൾക്ക് കഴിവില്ല)

لَهُمْ = അവർക്ക് (ഈ ജനത്തിന്) نَصْرًا = സഹായം(യിക്കാൻ)

وَلَآ أَنفُسَهُمْ يَنصُرُونَ = അവർ അവരെത്തന്നെ സഹായിക്കുന്നില്ല (തങ്ങളെത്തന്നെ സഹായിക്കാനുള്ള കഴിവുപോലും അവർക്കില്ല)

**189:** പ്രവാചകന് സ്വന്തം നിലയിൽ ദൈവിക ശക്തികളോ അധികാരങ്ങളോ ഇല്ലെന്നും കാര്യങ്ങളെല്ലാം നടക്കുന്നത് അല്ലാഹുവിന്റെ മാത്രം ഇഛാനുസാരമാണെന്നും പ്രവാചകൻ ആ അല്ലാഹുവിങ്കൽനിന്ന് നിയുക്തനായ മുന്നറിയിപ്പുകാരനും സുവിശേഷകനും മാത്രമാണെന്നും കഴിഞ്ഞ സൂക്തത്തിൽ പ്രസ്താവിച്ചതിനെ തുടർന്ന് അല്ലാഹുവിനെയും മനുഷ്യനെയും, മനുഷ്യനും അല്ലാഹുവും തമ്മിലുള്ള ബന്ധത്തെയും കുറിച്ച് പറഞ്ഞുകൊണ്ട് പ്രഭാഷണം സൂറാരംഭത്തിൽ ചർച്ചചെയ്തു തുടങ്ങിയ തൗഹീദിലേക്കു തന്നെ തിരിയുകയാണ്. هُوَ الَّذِى خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَجَعَلَ مِنْهَا زَوْجَهَا എന്ന വാക്യം സൂറ *അന്നിസാഅ്* ഒന്നാം സൂക്തത്തിൽ ചെറിയൊരു പാഠഭേദത്തോടെ വന്നിട്ടുണ്ട്. *ഖുർആൻ ബോധനം* അതിന്റെ വിശദീകരണം അവിടെ നൽകിയിരിക്കുന്നു.

ഇവിടെ ഇക്കാര്യം ആവർത്തിച്ചതിനു രണ്ടു മാനങ്ങളുണ്ട്: അല്ലാഹുവിന്റെ മഹത്വവും മനുഷ്യർക്ക് അവനോടുള്ള ബാധ്യതയും അനുസ്മരിപ്പിക്കുകയാണ് ഒന്ന്. അല്ലാഹുവാണ് മനുഷ്യരുടെ സ്രഷ്ടാവ്. സ്രഷ്ടാവിന് സൃഷ്ടിയിൽ ഉടമസ്ഥതയും പരമാധികാരവും ഉണ്ടായിരിക്കുക അനിവാര്യമാണ്. ഈ ഉടമസ്ഥതയുടെയും പരമാധികാരത്തിന്റെയും താൽപര്യമാണ് സൃഷ്ടികളോടുള്ള അവന്റെ വിധിവിലക്കുകൾ. ഈ താൽപര്യത്തിന്റെ പൂർത്തീകരണാർഥമാണ് അല്ലാഹു മനുഷ്യരെ താക്കീതു ചെയ്യാനും സുവിശേഷങ്ങളറിയിക്കാനും ദൂതന്മാരെ നിയോഗിച്ചയക്കുന്നത്. സ്രഷ്ടാവിന്റെ അടിമയും ആജ്ഞാനുവർത്തിയുമായിരിക്കുക സൃഷ്ടിയുടെ ബാധ്യതയാണ്. മനുഷ്യരുടെ സൃഷ്ടിയിൽ അല്ലാഹുവല്ലാത്ത മറ്റാർക്കും പങ്കില്ലെങ്കിൽ അവർ അല്ലാഹുവിന്റെ മാത്രം അടിമകളും ആജ്ഞാനുവർത്തികളുമായിരിക്കണം. പ്രവാചകന്മാരിലൂടെ വെളിപ്പെടുത്തപ്പെടുന്നത് അല്ലാഹുവിന്റെ ആജ്ഞകളാണ്.

മനുഷ്യവർഗത്തിന്റെ ഏകാത്മകതയെ സ്ഥിരപ്പെടുത്തുന്നുവെന്നതാണ് ഈ വാക്യത്തിന്റെ രണ്ടാമത്തെ മാനം. മനുഷ്യർക്കിടയിൽ ആരോഗ്യകരമായ പരസ്പരബന്ധവും സമാധാനപരമായ സാമൂഹിക ജീവിതവും ഉളവാക്കാൻ സഹായകമായ ഒരു സങ്കൽപമെന്ന നിലയിൽ മാത്രം അംഗീകരിച്ചതല്ല ഇസ്ലാമിന്റെ സമത്വദർശനം. അതൊരു പ്രകൃതിപരമായ മൗലികയാഥാർഥ്യമായാണ് ഖുർആൻ അവതരിപ്പിക്കുന്നത്. ഒരൊറ്റ ശരീരത്തിൽനിന്ന്/ജീവനിൽനിന്ന്/ആത്മാവിൽനിന്നാണ് ഈ ലോകത്ത് കാണപ്പെടുന്ന സകല മനുഷ്യരുടെയും ഉത്ഭവം. ആദിയിൽ അല്ലാഹു ശരീരവും ജീവനും ആത്മാവുമുള്ള ഒരു മനുഷ്യനെ, ആദി പിതാവിനെ സൃഷ്ടിച്ചു. പിന്നെ അതിനെ വിഭജിച്ച് അതിന് ഇണയെ ഉണ്ടാക്കി. ആ ഇണകളുടെ ഇണചേരലിലൂടെ മനുഷ്യവംശം പെരുകിക്കൊണ്ടിരിക്കുന്നു. സൂറഃ *അൽ ഹുജുറാത്ത്* 13-ാം സൂക്തത്തിൽ പറയുന്നു:

يَـٰٓأَيُّهَا ٱلنَّاسُ إِنَّا خَلَقْنَـٰكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَـٰكُمْ شُعُوبًا وَقَبَآئِلَ لِتَعَارَفُوٓا۟ ۚ إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ

(അല്ലയോ മനുഷ്യരേ, ഒരാണിൽനിന്നും പെണ്ണിൽനിന്നു മത്രെ നിങ്ങളെ നാം സൃഷ്ടിച്ചിട്ടുള്ളത്. പരസ്പരം തിരിച്ചറിയേണ്ടതിനാകുന്നു നിങ്ങളെ പലപല സമുദായങ്ങളും ഗോത്രങ്ങളുമാക്കിയത്. നിങ്ങളിലേറ്റം ധർമബോധമുള്ളവനാകുന്നു അല്ലാഹുവിങ്കൽ ഏറ്റം ഉന്നതൻ). വൈജാത്യങ്ങൾ പരസ്പര ഭിന്നിപ്പിനും ശത്രുതക്കുമുള്ള ഉപാധികളാക്കാതെ, പരസ്പരം തിരിച്ചറിയാനും സഹകരിക്കാനുമുള്ള ഉപാധികളാക്കി മനുഷ്യരെല്ലാവരും സ്നേഹിച്ചും സഹകരിച്ചും ഏകോദരസഹോദരന്മാരായി വാഴണമെന്നാണിതിന്റെ താൽപര്യം. ദൈവത്തിന്റെ ഏകത്വത്തിലധിഷ്ഠിതമാണ് ഇസ്ലാമിന്റെ ആത്മീയ വിശ്വാസങ്ങൾ. അതുപോലെ മനുഷ്യന്റെ ഏകാത്മകതയിലധിഷ്ഠിതമാണ് അതിന്റെ മാനവിക ദർശനങ്ങൾ. പ്രപഞ്ചത്തിന് ഒരു ദൈവം, ഈ ഭൂമിയിൽ ഒരു മനുഷ്യനും - ഇതാണ് ഇസ്ലാമിന്റെ കാഴ്ചപ്പാട്.

ഒരു ശരീരത്തിൽനിന്ന് അല്ലെങ്കിൽ ജീവിയിൽനിന്നു തന്നെ അതിന്റെ ഇണയെ സൃഷ്ടിച്ചു - وَجَعَلَ مِنْهَا زَوْجَهَا - എന്നു പറയുന്നതിൽനിന്ന് രണ്ടിന്റെയും മൂല്യവും പദവിയും തുല്യമാണെന്നു വ്യക്തമാകുന്നു. മൂല്യത്തിലോ പദവിയിലോ വല്ല വ്യത്യാസവും ഉണ്ടായിരുന്നുവെങ്കിൽ അതിന്റെ സഹായിയെ അല്ലെങ്കിൽ സേവികയെ സൃഷ്ടിച്ചു (جعل منها زوجتها) എന്നെങ്കിലും പറയുമായിരുന്നു. എന്നാൽ ജോഡികളായ ഏതു വസ്തുവിലും ഇണകൾ തമ്മിൽ ധർമത്തിൽ ചില വ്യത്യാസങ്ങളുണ്ടാകും. ആ വ്യത്യാസം അവയുടെ ഘടനയിലും പ്രതിഫലിക്കുന്നു. ഓരോന്നിന്റെയും ധർമം പൂർത്തീകരിക്കാനാവശ്യമായ ഘടനാവിശേഷത്തോടെയാണ് അല്ലാഹു ഓരോന്നിനെയും സൃഷ്ടിക്കുന്നത്. ഒരു ജോഡി ചെരുപ്പിൽ ഓരോന്നിന്റെയും വിലയും പ്രയോജനവും തുല്യമാണ്. എങ്കിലും ഇടതുകാലിലെ ചെരുപ്പ് ഇടതുകാലിൽ ധരിക്കാൻ പാകത്തിലും വലതുകാലിലേത് വലതുകാലിൽ ധരിക്കാൻ പാകത്തിലുമാണ് നിർമിക്കപ്പെടുക. സ്ത്രീ-പുരുഷന്മാർ ഏറ്റെടുക്കുന്നത് വ്യത്യസ്ത കാര്യങ്ങളാണെങ്കിലും അതിന്റെ ലക്ഷ്യം ഒന്നാണ്. അതുകൊണ്ട് യഥാർഥത്തിൽ രണ്ടുകൂട്ടരും കൂടി പൂർത്തീകരിക്കുന്നത് ഒരേ ധർമമാണ്. പുരുഷൻ സ്ത്രീയോടും, സ്ത്രീ പുരുഷനോടും ചേരുമ്പോഴാണ് രണ്ടുപേരുടെയും ജീവിതം പൂർണമാകുന്നത്.

لِيَسْكُنَ إِلَيْهَا - എന്ന വാചകത്തെയാണ് 'ഇണയിലേക്ക് ശാന്തിപകരാൻ' എന്ന് തർജമ ചെയ്തിട്ടുള്ളത്. 'ഇണയിലേക്ക് അടങ്ങാൻ' എന്നാണ് ഈ വാക്കിന്റെ ഭാഷാർഥം. അടക്കം എന്നർഥമുള്ള سكون എന്ന മൂലപദത്തിൽനിന്നുള്ള വർത്തമാന ക്രിയാപദമാണ് يسكن. മനശ്ശാന്തി, സന്തോഷം, സന്തുഷ്ടമായ സുഹൃദ്സാന്നിധ്യം തുടങ്ങിയ അർഥങ്ങളിൽ ആലങ്കാരികമായും ഈ പദം ഉപയോഗിക്കുന്നു. ഏകാന്തതയിൽനിന്നും ഒറ്റപ്പെടലിൽനിന്നും രക്ഷപ്പെട്ട് സന്തോഷവും സമാധാനവും നേടാൻ എന്നാണ് ഇവിടെ ഉദ്ദേശ്യം. മാനുഷിക സാമൂഹികബോധത്തിന്റെ അടിസ്ഥാനസ്തംഭമാണ് ഇണയോടുള്ള സവിശേഷമായ ആകർഷണം. മനുഷ്യരുടെ സ്ത്രീ പുരുഷ ബന്ധം മൈഥുനത്തിൽ പരിമിതമല്ല. അതിനേക്കാൾ ദൃഢവും സുദീർഘവുമായ ബന്ധമാണത്. ആ ബന്ധമാണ് സ്ത്രീയുടെയും പുരുഷന്റെയും അപൂർണതകൾ പരിഹരിക്കുന്നത്, രണ്ടുപേരിൽനിന്നും അസ്വസ്ഥമായ ഏകാന്തതയെ അകറ്റിനിർത്തുന്നത്. ഇരുവരെയും കൂട്ടപ്പെടുത്തുന്നതും പിന്നെ സന്താനോൽപാദനത്തിലൂടെ കൂട്ടപ്പെടുത്തുന്നതും. സന്തുഷ്ട ദാമ്പത്യം സന്തുഷ്ട കുടുംബമായും സന്തുഷ്ട കുടുംബം സന്തുഷ്ട സമൂഹമായും വികസിക്കുന്നു. ദമ്പതികൾക്ക് പരസ്പരം സന്തോഷവും സമാധാനവും പകരാതിരിക്കുമ്പോൾ, ഓരോരുത്തരും അവരവരുടെ തുരുത്തുകളിൽ ഒറ്റപ്പെട്ടു കഴിയുമ്പോൾ, മൃഗങ്ങളെപ്പോലെ കണ്ണിൽ കാണുന്നവരോടൊക്കെ ഇണചേരുമ്പോൾ സ്ത്രീ പുരുഷ ബന്ധവും കുടുംബ ബന്ധവും സാമൂഹിക ബന്ധവും എല്ലാം ശിഥില

മാകുന്നു.

وَجَعَلَ مِنۡهَا زَوۡجَهَا لِيَسۡكُنَ إِلَيۡهَا എന്ന വാക്യം ഇവിടെ പ്രത്യേകം സൂചിപ്പിക്കുന്ന സംഗതി ഇതാണ്: സ്ത്രീ പുരുഷ പ്രണയം ഒരു യാദൃച്ഛിക പ്രതിഭാസമല്ല. സ്രഷ്ടാവിന്റെ ആസൂത്രണമില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ ഈവിധം പരസ്പരപൂരകത്വവും സമരസവും പാരസ്പര്യവും കാണപ്പെടുകയോ ഒരു കൂട്ടർ മറ്റേ കൂട്ടരുടെ സമാധാനത്തിന്റെയും സന്തുഷ്ടിയുടെയും ഉപാധികളും സന്തതികളിലൂടെ സമൂഹനിലനിൽപിന്റെ നിദാനങ്ങളും ആയി നിലനിൽക്കുകയോ ചെയ്യുമായിരുന്നില്ല എന്ന കാര്യം പകൽവെളിച്ചം പോലെ വ്യക്തമാകുന്നു. സ്ത്രീപുരുഷന്മാർക്കിടയിൽ കാണപ്പെടുന്ന ഈ ആകർഷണവും പ്രണയവും പരസ്പരം പങ്കുവെക്കാനുള്ള അഭിവാഞ്ഛയുമൊക്കെ ഏതോ അന്ധമായ പദാർഥസൃഷ്ടിയാണെന്നോ അല്ലെങ്കിൽ സ്ത്രീപുരുഷന്മാർ ചെടികൾ  പോലെ സ്വയം മുളച്ചു വളർന്നു ഭൂമിയിൽ അലഞ്ഞുനടക്കുന്നതിനിടെ പരസ്പരം കണ്ടുമുട്ടിയപ്പോൾ യാദൃച്ഛികമായി ഉളവായതാണെന്നോ പറയാൻ തികഞ്ഞ സത്യനിഷേധികൾക്കേ കഴിയൂ. ഈ പ്രപഞ്ചത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് ഒരേയൊരു സർവജ്ഞന്റെയും സർവശക്തന്റെയും കരങ്ങളാണെന്ന യാഥാർഥ്യത്തിലേക്കും അത്ഭുതകരമായ ഈ സമരസവും പാരസ്പര്യവും വിരൽ ചൂണ്ടുന്നുണ്ട്. വൈവിധ്യമാർന്ന ഇഛകളാണ് സൃഷ്ടികളിൽ പ്രവർത്തിക്കുന്നതെങ്കിൽ അവക്കിടയിലെ വൈരുധ്യങ്ങൾ മൂലം പ്രപഞ്ചത്തിന്റെ ഓരോ കോശത്തിലും നാം കാണുന്ന ഈ സന്തുലിതത്വവും രഞ്ജിപ്പും ഉളവാകുക സാധ്യമാകുമായിരുന്നില്ല. വിരുദ്ധമായ ഗുണങ്ങളോടു കൂടിയ സ്ത്രീയെയും പുരുഷനെയും പ്രപഞ്ചാസൂത്രകൻ ഒന്നൊന്നിന് ഔഷധമെന്നോണം എത്ര മനോഹരമായാണ് കൂട്ടിയിണക്കിയിരിക്കുന്നത്!

تَغَشَّىٰهَا - യുടെ ഭാഷാർഥം 'അവളെ മൂടി' എന്നാണ്. ഇവിടെ അതുപയോഗിച്ചിരിക്കുന്നത് സംഗം ചെയ്തു എന്ന അർഥത്തിലാണ്. ഏതെങ്കിലും പ്രത്യേക ദമ്പതികളുടെ കാര്യമല്ല; മനുഷ്യന്റെ പൊതുസ്വഭാവമാണിവിടെ പരാമർശിക്കുന്നത്. അതായത്, സ്ത്രീപുരുഷ സംഗമത്തിലൂടെ സ്ത്രീ പുരുഷനിൽ നിന്ന് പിൻഗാമിയുടെ ബീജം സ്വീകരിക്കുന്നു. അത് അവളുടെ അണ്ഡവുമായി ചേർന്ന് ഭ്രൂണമായി വളരുന്നു. ആദിയിൽ ഈ ഗർഭം അവൾ അറിയുകപോലും ചെയ്യാത്ത അത്ര ലഘുവായിരിക്കും. അത്രക്കു നിസ്സാരമാണ് മനുഷ്യന്റെ ആദിരൂപം. ഇതാണ് فَمَرَّتۡ بِهِۦ (അതുമായി അവൾ നടന്നു) എന്ന വാക്കിലൂടെ സൂചിപ്പിക്കുന്നത്. കാലം ചെല്ലുമ്പോൾ ഗർഭം കനക്കുന്നു. അപ്പോഴാണ് ഒരു കുഞ്ഞിനെ പ്രസവിക്കാൻ പോകുന്നുവെന്ന് ദമ്പതികളറിയുന്നത്. രണ്ടുപേരും ഉത്കണ്ഠാകുലരാകുന്നു. തങ്ങൾക്ക് ലക്ഷണമൊത്ത ഒരു കുഞ്ഞിനെ തരേണമേ എന്ന് ഇരുവരും ഭക്തിയോടെ അല്ലാഹുവിനോടു പ്രാർഥിക്കുന്നു. ബഹുദൈവവിശ്വാസികൾ പോലും അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിനോട് നേരിട്ടാണ് പ്രാർഥിക്കുക; അതോടൊപ്പം ചിലർ വിഗ്രഹങ്ങളോടും സിദ്ധന്മാരോടും മസാറുകളോടുമൊക്കെ പ്രാർഥിച്ചുകൊണ്ടിരിക്കുമെങ്കിലും. ആവശ്യങ്ങൾ നിവർത്തിച്ചു തരുന്ന ആത്യന്തികശക്തി സാക്ഷാൽ ദൈവം, അല്ലാഹു മാത്രമാണെന്ന് എല്ലാവർക്കുമറിയാം. പ്രകൃതിപരമായ ഒരു ബോധമാണത്. നിർണായക ഘട്ടങ്ങളിൽ എല്ലാവരിലും ഈ ബോധം സജീവമാകുന്നു. അവസാനനിമിഷത്തിൽ ഫറവോൻ  പോലും, മൂസാ നബി പ്രബോധനം ചെയ്ത ഏകനായ ദൈവത്തിൽ താൻ വിശ്വസിക്കുന്നുവെന്ന് പറഞ്ഞതായും തന്നെ മരണത്തിൽനിന്ന് രക്ഷിക്കേണമേ എന്ന് ആ ദൈവത്തോട് പ്രാർഥിച്ചതായും ഖുർആൻ വിവരിക്കുന്നുണ്ട്.

അവരുടെ പ്രാർഥന കേട്ട് അല്ലാഹു കുറ്റമറ്റ കുഞ്ഞിനെ പ്രദാനം ചെയ്താലോ, ഉടനെ അല്ലാഹു വിസ്മൃതനാകുന്നു. ഈ സന്താനലാഭം, ഇന്ന പ്രതിഷ്ഠയുടെ പ്രസാദമാണ്, ഇന്ന ജാറത്തിന്റെ അനുഗ്രഹമാണ്, ഇന്ന സിദ്ധന്റെ കറാമത്താണ്, അല്ലെങ്കിൽ സന്താനത്തെ നൽകിയത് അല്ലാഹുവാണെങ്കിലും അവനതു നൽകിയത് അല്ലാഹുവിന്റെ കഴിവുകളിലും അധികാരങ്ങളിലും സ്വാധീനമുള്ള മൂർത്തികളുടെ, സന്നിധാനങ്ങളുടെ, ജാറങ്ങളുടെ, സിദ്ധന്മാരുടെ ശക്തികൊണ്ടാണ് എന്നൊക്കെയാകുന്നു അവരുടെ നിലപാട്. നേർച്ച വഴിപാടുകളുമായി ആ സന്നിധാനങ്ങളിലേക്ക് ഓടുകയും ചെയ്യുന്നു. അങ്ങനെ കുറ്റമറ്റ കുഞ്ഞിനെ കിട്ടിയാൽ അല്ലാഹുവിനോട് ഏറെ നന്ദിയുള്ളവരായിക്കൊള്ളാം എന്ന് ഉറച്ച വാഗ്ദാനം ചെയ്ത അവർ കാര്യം സാധിച്ചു കഴിഞ്ഞപ്പോൾ തികച്ചും നന്ദികെട്ടവരാവുകയും അല്ലാഹുവിന്റെ കർതൃത്വം അവന്റെ അടിമകളിൽ ആരോപിച്ച് അവനെ നിന്ദിക്കുകയും ചെയ്യുന്നു.

ഇവിടെ നേരിട്ട് സംബോധന ചെയ്യുന്നത് അറേബ്യൻ മുശ്രിക്കുകളെയും മറ്റു വിഗ്രഹാരാധകരെയുമാണെങ്കിലും ഈ ആക്ഷേപം ഇന്ന് മുസ്‌ലിം സമുദായത്തിലെ ചില വിഭാഗങ്ങൾക്കും ബാധകമാകുന്നു. അവർ ഏകദൈവവിശ്വാസം പ്രഖ്യാപിക്കുകയും അല്ലാഹുവിനെ ആരാധിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ആഗ്രഹസാഫല്യത്തിനും ആർത്ത ത്രാണനത്തിനും പുണ്യാത്മാക്കളെ വിളിച്ചു പ്രാർഥിക്കുകയും അവരുടെ ഖബ്റുകളിൽ കാണിക്കകളർപ്പിക്കുകയും ഉദ്ദേശ്യങ്ങൾ നിറവേറിയാൽ അത് ആ ഔലിയാക്കളുടെ ഹഖ് ജാഹ് കൊണ്ടും കറാമത്ത്കൊണ്ടുമാണെന്ന് ഘോഷിപ്പിക്കുകയും ചെയ്യുന്നു. വല്ലവനും ഇതിനെ ചോദ്യം ചെയ്താൽ അവർ പിഴച്ച പുത്തൻ പ്രസ്ഥാനക്കാരും മുബ്തദിഉകളുമായി മുദ്രയടിക്കപ്പെടുന്നു. ഈ അവസ്ഥയെ പ്രശസ്ത ഉർദു കവി ഹാലി തന്റെ ഒരു കവിതയിൽ ഹൃദയസ്പൃക്കായി ചിത്രീകരിച്ചിട്ടുണ്ട്. അതിന്റെ മലയാള ആശയം ഇങ്ങനെ: "മറ്റുള്ളവർ വിഗ്രഹങ്ങളെ ആരാധിച്ചാൽ കാഫിർ. ദൈവത്തിന് പുത്രനെ സങ്കൽപിച്ചാൽ കാഫിർ. അഗ്നിയെ പ്രണമിച്ചാൽ കാഫിർ. നക്ഷത്രങ്ങളിൽ ദിവ്യത്വമാരോപിച്ചാൽ കാഫിർ. എന്നാൽ വിശ്വാസികൾക്ക് മാർഗങ്ങൾ പ്രവിശാലം. ഇഷ്ടമുള്ള ആരെയും ആരാധിക്കാം. പ്രവാചകനെത്തന്നെ ദൈവമായി ചിത്രീകരിക്കാം. ഇമാമുകളെ പ്രവാചകനു മീതെ പ്രതിഷ്ഠിക്കാം. ജാറങ്ങൾ തോറും നടന്ന് നേർച്ചകളർപ്പിക്കാം. രക്തസാക്ഷികളോടു പ്രാർഥിക്കാം. തൗഹീദിന് ഒരു കോട്ടവും തട്ടുകയില്ല. ഇസ്‌ലാം തകരുകയില്ല. ഈമാൻ പോവുകയില്ല."

فَتَعَـٰلَى ٱللَّهُ - എന്നു തുടങ്ങുന്ന സമാനവാക്യം അല്ലാഹുവിനോടൊപ്പം മറ്റുള്ളവരോട് പ്രാർഥിക്കുകയും ലക്ഷ്യസാഫല്യത്തിന്റെ നന്ദി അവരോട് പ്രകടിപ്പിക്കുകയും ചെയ്യുന്നത് ശിർക്കാണെന്ന് അസന്ദിഗ്ധമായി വ്യക്തമാക്കിത്തരുന്നു. അല്ലാഹുവിനെ വെടിഞ്ഞുകൊണ്ടോ അവനോടൊപ്പമോ അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുന്നത് അവന്റെ പൂർണതയുടെ നിഷേധമാണ്. അല്ലാഹുവിന്റെ സമ്പൂർണത എന്ന അടിസ്ഥാനഗുണത്തെ നിഷേധിക്കുന്ന ഗുണങ്ങൾ അവനിൽ ആരോപിക്കുന്നത് തികച്ചും യുക്തിവിരുദ്ധമാകുന്നു. ബഹുദൈവത്വത്തിന്റെ ഏതു രീതിയിലുള്ള സ്വീകരണവും ഏകദൈവത്വത്തിന്റെ പൂർണതയുടെ നിരാകരണമാകുന്നു. അതിനാൽ ദൈവികഗുണങ്ങളിൽ സൃഷ്ടികൾക്കുള്ള എല്ലാ പങ്കാളിത്തങ്ങൾക്കും അതീതനും പരിശുദ്ധനുമാണവൻ.

فَلَمَّا تَغَشَّىٰهَا (അവൻ അവളെ പുണർന്നപ്പോൾ) എന്ന വാക്കിലെ അവനും അവളും, ആദമും ഹവ്വയുമാണെന്നും ഇബ്‌ലീസിന്റെ ദുർബോധനത്തിൽപെട്ട് ആദം-ഹവ്വമാർ തങ്ങളുടെ സന്താനലബ്ധി അല്ലാഹുവല്ലാത്തവരുടെ ശക്തികൊണ്ടാണെന്നു ധരിക്കുകയുണ്ടായെന്നും ആ സംഭവമാണ് ഇവിടെ സൂചിപ്പിക്കുന്നതെന്നും ഒരു കഥയുണ്ട്. ഈ കഥ തികച്ചും അടിസ്ഥിനരഹിതമാണ്. ഇതു സംബന്ധിച്ചുദ്ധരിക്കപ്പെടുന്ന നിവേദനങ്ങൾ വ്യാജങ്ങളാണ്. ആദം ഹവ്വമാർ അല്ലാഹുവിന്റെ നേരിട്ടുള്ള ശിക്ഷണം ലഭിച്ച ശേഷമാണ് ഭൂമിയിൽ വന്നത്. ഭൂമിയിലെത്തിയപാടേ ആ ശിക്ഷണങ്ങളൊക്കെ തോട്ടിലെറിഞ്ഞ് അവർ മുശ്രിക്കുകളായി

എന്നു കരുതുന്നത് ഒരു യുക്തിക്കും നിരക്കുന്നതല്ല. ആദം-ഹവ്വമാർ ഭൂമിയിൽ വരുമ്പോൾ ഇവിടെ വിഗ്രഹങ്ങളോ വിഗ്രഹാരാധനയോ ആൾദൈവങ്ങളോ സിദ്ധന്മാരോ പോകട്ടെ ആ രണ്ടു പേരല്ലാതെ സാധാരണ മനുഷ്യർ പോലും ഉണ്ടായിരുന്നില്ല. പിന്നെ ആരെയാണവർ അല്ലാഹുവിന്റെ പങ്കാളികളാക്കുക? സർവോപരി ആദം(അ) ഒരു പ്രവാചകൻ കൂടിയായിരുന്നു. അപ്രമാദിത്വം കൊണ്ട് അല്ലാഹു അനുഗ്രഹിച്ചവരാണ് പ്രവാചകന്മാർ. ഒരു പ്രവാചകൻ ശിർക്ക് ചെയ്തു എന്നു പറയുന്നതുതന്നെ വലിയ കുറ്റമാകുന്നു.

**191,192:** അല്ലാഹു പങ്കാളിത്തത്തിനതീതനാണ് എന്നു പറഞ്ഞത് വിശദീകരിച്ചിരിക്കുകയാണീ സൂക്തങ്ങൾ. സകല വസ്തുക്കളെയും മൗലികമായി സൃഷ്ടിച്ചത് അല്ലാഹുവാകുന്നു. അവൻ ഏകനുമാണ്. ഇക്കാര്യം, ഏകദൈവവിശ്വാസികളും ബഹുദൈവവിശ്വാസികളുമുൾപ്പെടെ എല്ലാ ദൈവവിശ്വാസികളും അംഗീകരിച്ച കാര്യമാണ്. ത്രിമൂർത്തി സങ്കൽപത്തിൽ പോലും സൃഷ്ടി ഒരു മൂർത്തിയിലാണ് ആരോപിക്കപ്പെടുന്നത്. സ്ഥിതിയും സംഹാരവും വേറെ രണ്ടു മൂർത്തികളിലും. സൃഷ്ടിയുടെ അഭാവത്തിൽ സ്ഥിതിയും സംഹാരവും അപ്രസക്തമാകുന്നു. സൃഷ്ടിയുടെ ഭാവങ്ങളാണ് സ്ഥിതിയും സംഹാരവും. സൃഷ്ടിയിൽ സ്രഷ്ടാവ് ഉദ്ദേശിച്ച ലക്ഷ്യമാണ് സ്ഥിതി സംഹാരങ്ങളിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്. അപ്പോൾ സ്ഥിതിയും സംഹാരവും നടത്തുന്നവർ സ്വതന്ത്രശക്തികളാവില്ല; സ്രഷ്ടാവിന്റെ ആജ്ഞാനുവർത്തികളായിരിക്കാനേ അവക്കു കഴിയൂ. അതുകൊണ്ടാണ് ത്രിമൂർത്തികളെ അവയിൽ വിശ്വസിക്കുന്നവർക്ക് ഒരേ ശക്തിയുടെ മൂന്നു ഭാവങ്ങളായി വിശദീകരിക്കേണ്ടിവരുന്നത്. സാക്ഷാൽ ദൈവം ഒന്നേയുള്ളൂ എന്നും അവനല്ലാത്ത അസ്തിത്വങ്ങളെല്ലാം അവന്റെ സൃഷ്ടികളാകുന്നു എന്നുമുള്ള സത്യത്തിലേക്കാണ് ഇത് നമ്മെ എത്തിക്കുന്നത്. മൗലിക സ്രഷ്ടാവാരാണോ അവനാണ് ഉടമസ്ഥതക്കും സൃഷ്ടികളുടെ ആരാധനക്കും അർഹൻ. അല്ലാഹുവല്ലാത്തവർ യാതൊന്നും സൃഷ്ടിച്ചിട്ടില്ലെങ്കിൽ, അവയെല്ലാം സൃഷ്ടികളാണ്. അവർ യാതൊന്നിന്റെയും ആത്യന്തികമായ ഉടമസ്ഥതക്കും ആരാധ്യതക്കും അർഹരല്ല. സൃഷ്ടികളെന്ന നിലക്ക് എല്ലാവരും അല്ലാഹുവിന്റെ അടിമകളാകുന്നു. സൃഷ്ടികൾക്ക് ആത്യന്തികമായി സൃഷ്ടികളെ രക്ഷിക്കാനോ ശിക്ഷിക്കാനോ കഴിയില്ല. സൃഷ്ടികളുടെ രക്ഷാശിക്ഷയും അല്ലാഹുവിന്റെ സൃഷ്ടികർമത്തിന്റെ ഭാഗമാണ്. ഒരു സൃഷ്ടിക്ക് സ്വന്തം ഭാഗധേയം നിശ്ചയിക്കാൻ പോലും കഴിയില്ലെങ്കിൽ പിന്നെ മറ്റു സൃഷ്ടികളുടെ ഭാഗധേയം നിശ്ചയിക്കാൻ കഴിയുന്നതെങ്ങനെ?! ■